# പതിനാലാം കേരള നിയമസഭ
# (ഒന്നാം സമ്മേളനം)

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2272 18/07/2016-ൽ മറുപടിയ്ക്ക്

## മത്സ്യത്തൊഴിലാളികളുടെ വീട്ടുപുനരുദ്ധാരണത്തിന് ധനസഹായം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി.എസ്.ശിവകുമാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. അനിൽ അക്കര : | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി): |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികളുടെ വീടുകൾ പുനരുദ്ധരിക്കുന്നതിനായി ധനസഹായം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. സംസ്ഥാനത്തെ മത്സ്യത്തൊഴിലാളി കളുടെ ഭവന അറ്റകുറ്റപ്പണിയ്ക്ക് ധനസഹായം നൽകുന്നതിനായി 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് , സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി (2013-14), മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2015-16) എന്നിവയിൽ ഉൾപ്പെടുത്തി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് മുഖേന 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളും സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി പ്രകാരം 1000 മത്സ്യത്തൊഴിലാളി ഭവനങ്ങളുടെയും "മത്സ്യമേഖലയുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസന പദ്ധതി" പ്രകാരം 3800 മത്സ്യത്തൊഴിലാളി ഭവനങ്ങളും അറ്റകുറ്റപ്പണി നടത്തി നവീകരിയ്ക്കുന്നതിനുള്ള ധനസഹായമാണ് നൽകുന്നത്. മേൽ പറഞ്ഞത് കൂടാതെ 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള കോളനി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുത്ത ഫിഷർമെൻ കോളനികളിലെ 948 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റപ്പണി നടത്തുന്നതിനും ധനസഹായം അനുവദിച്ചിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തിൽ 400 മത്സ്യത്തൊഴിലാളിഭവനങ്ങൾ നവീകരിയ്ക്കുന്നതിനായി 50,000/- രൂപ വീതം ധനസഹായം നൽകുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; | ബി) | മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ കാലപ്പഴക്കത്താലുള്ള ജീർണ്ണത പരിഹരിച്ച് സുരക്ഷിത ജീവിത സാഹചര്യം ഒരുക്കുക എന്നതാണ് ഉദ്ദേശ ലക്ഷ്യം. |
| സി) | ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ കൈക്കൊണ്ടത്; വിശദമാക്കുമോ? | സി) | മേൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ തുക ബന്ധപ്പെട്ട ജില്ലാ ഫിഷറീസ് ഓഫീസർക്ക് സമയബന്ധിതമായി അനുവദിക്കുകയും നിർവ്വഹണത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും പദ്ധതി പ്രവർത്തന പുരോഗതികൾ ഡിപ്പാർട്ട്മെന്റ് / സർക്കാർ തലത്തിൽ എല്ലാ മാസത്തിലും വിലയിരുത്തുകയും ചെയ്യുന്നു. |

**സെക്ഷൻ ആഫീസർ**